## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 335** **12.01.2021 - ൽ മറുപടിക്ക്.**

## പൊതുവിതരണരംഗത്തെ നൂതനപദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഒ. ആർ. കേളു :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| (എ) | പുതിയ റേഷൻ ഷോപ്പുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പൊതുവിതരണ രംഗത്തുണ്ടായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കേരള റേഷനിംഗ് ഉത്തരവ്, 1966ന്റെ പരിഷ്കരണം പൂർത്തീകരിച്ചതിനുശേഷം പൊതുജനങ്ങളുടെ സൗകര്യാർത്ഥം പുതിയ റേഷൻ കടകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | അർഹതയുള്ള കുടുംബങ്ങളെ ബി.പി.എൽ. ആക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായതിനാൽ മേൽപ്പറഞ്ഞ നടപടികൾ തുടരുന്നതാണ്. നാളിതുവരെ 539910 കുടുംബങ്ങളെ റേഷൻ കാർഡ് പുതുക്കലിനുശേഷം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

(സി) സൗജന്യ ഭക്ഷ്യധാന്യ കിറ്റ് തുടരാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് നിലവിൽ വിതരണം ചെയ്തുവരുന്ന സൗജന്യ ഭക്ഷ്യധാന്യ കിറ്റ് 2021 ഏപ്രിൽ മാസം വരെ തുടരുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഡി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ കൂടുതൽ അനുവദിക്കുമോ,

(ഡി) കൺസ്യൂമർ ഫെഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അനുസരിച്ച് കൂടുതൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ അനുവദിക്കാൻ കഴിയില്ല.

(ഇ) വാതിൽപ്പടി വിതരണം കുറ്റമറ്റതാകാൻ എന്തെല്ലാം നടപടികളാണ് നിലവിലുള്ളത്; വിശദമാക്കാമോ?

(ഇ) വാതിൽപ്പടി വിതരണത്തിൽ മൊത്തവിതരണക്കാരെ ഒഴിവാക്കി സപ്ലൈകോയെ ചുമതലപ്പെടുത്തിയതിലൂടെ റേഷൻ വ്യാപാരികൾക്ക് കൃത്യമായ അളവിൽ ഭക്ഷ്യധാന്യങ്ങൾ കടകളിൽ എത്തിക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളെ തിരിച്ചറിയുന്നതിനായി ഏകീകൃത കളർ കോഡ് നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വാതിൽപ്പടി വിതരണം കുറ്റമറ്റതാകാൻ എല്ലാ ജില്ലാ/ താലൂക്ക് സപ്ലൈ ഓഫീസർമാരുടെയും റേഷനിംഗ് ഇൻസ്പെക്ടർമാരുടെയും കൃത്യമായ പരിശോധനകൾ നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ